# അധികാരവികേന്ദ്രീകരണമാണ് സർവ്വപ്രധാനം

വി.വി. രാഘവൻ
(രാജ്യസഭാ എം.പി., സി.പി.ഐ.)

1. ജലസമ്പത്തിന്റെ പ്രഥമ മുൻഗണന കുടിവെള്ളത്തിനും കൃഷിക്കുമാണ് അതിന് കോട്ടം തട്ടുന്ന ഏതൊരു നടപടിയും പ്രകൃതിവിരുദ്ധവും നിയമവിരുദ്ധവുമാണ്. ഇത് പരിഗണിക്കുമ്പോൾ പെരുമാട്ടി പഞ്ചായത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനം കൊക്കകോളയുടെ ലൈസൻസ് റദ്ദാക്കാനെടുത്ത തീരുമാനം ശരിയാണ്. ഇതുമായി ബന്ധപ്പെട്ട സർക്കാർ എടുത്ത തീരുമാനം നീതീകരിക്കാനാവില്ല. ജനങ്ങളുടെ താൽപര്യങ്ങൾക്ക് എതിരാണിത്.

2. കമ്പനികൾ വ്യാപാര അടിസ്ഥാനത്തിൽ വെള്ളം ഊറ്റിയെടുത്ത് വിൽപന നടത്താൻ അനുവദിക്കുന്നതുതന്നെ ശരിയായ നടപടി അല്ല എന്നാണ് എന്റെ അഭിപ്രായം. ജലദൗർലഭ്യം ഒരു സ്ഥിരം പ്രശ്നമായ കേരളത്തിൽ ഇത്തരം കമ്പനികൾക്ക് ലൈസൻസ് നൽകുന്നത് ശരിയല്ല.

3. മുകളിൽ വിവരിച്ച കാരണങ്ങൾ മുൻനിർത്തി പുതുശേരി പഞ്ചായത്തിൽ പെപ്സി കമ്പനിയ്ക്ക് നൽകിയ ലൈസൻസ് റദ്ദാക്കേണ്ടതാണ്.

4. വ്യവസായങ്ങൾക്ക് എവിടെ, എങ്ങിനെ എന്തെല്ലാം വ്യവസ്ഥകൾക്ക് വിധേയമായി, അനുവദിക്കാം എന്നത് സംബന്ധിച്ച് ഇപ്പോൾ തന്നെ മാർഗനിർദ്ദേശങ്ങൾ ഉണ്ട്. അവ പരിശോധിക്കാൻ വിവിധ അധികാരസ്ഥാപനങ്ങളുമുണ്ട്. ഇത് പാലിക്കുന്ന കാര്യത്തിൽ പലതരം സ്വാധീനങ്ങൾക്കുമടിപ്പെട്ട് അധികാര സ്ഥാപനങ്ങൾ അവരുടെ കടമ നിർവഹിക്കുന്നില്ല എന്നതാണ് പ്രധാന പ്രശ്നം. പാർലമെന്റിന്റേയും നിയമസഭകളുടേയും വിവിധ കമ്മിറ്റികൾ ഈ അധികാര ദുർവിനിയോഗത്തെക്കുറിച്ച് റിപ്പോർട്ടുകൾ നൽകിയതായി കാണാം. അവ മിക്കതും, മിക്കപ്പോഴും കാര്യനിർവഹണ അധികാരികൾ അവഗണിക്കാറാണ് പതിവ്. ഇവിടെയും അവിഹിത സ്വാധീനത്തിന്റെ പിടി നാം കാണുന്നു. അതുകൊണ്ട് പാർലമെന്റും നിയമസഭകളും ഇക്കാര്യത്തെപറ്റി ഗൗരവമായി ചർച്ച ചെയ്ത് ജനകീയ കമ്മറ്റികളുടെ അധികാരം സ്ഥാപിക്കുകയാണ് ആവശ്യം. തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾക്ക് ഈവക കാര്യങ്ങളിൽ ഇന്നത്തേക്കാൾ കൂടുതൽ അധികാരം നൽകേണ്ടതാണ്. പിന്നെ നമ്മുടെ ജുഡീഷ്യറിയും മർമ്മപ്രധാനമായ ഈ പ്രശ്നങ്ങളിൽ സമൂഹത്തിന്റെ പൊതുതാൽപര്യം ഉയർത്തിപിടിക്കുന്ന വിധത്തിലുള്ള സമീപനം കൈക്കൊള്ളേണ്ടതും അത്യാവശ്യമാണ്. പലപ്പോഴും നീതിന്യായ സംവിധാനത്തെ സമൂഹത്തിന്റെ മൊത്തം താൽപര്യങ്ങൾക്കെതിരായി വിനിയോഗിക്കുന്നതും നമ്മൾ കാണുന്നു.

ക) മുകളിൽ പറഞ്ഞ കാരണങ്ങളെ മുൻനിർത്തി പരിശോധിച്ചാൽ ഇതുവരെ ഉണ്ടായതും ഇനി ഉണ്ടാകാൻ പോകുന്നതുമായ ഇത്തരം പ്രശ്നങ്ങൾക്ക് പരിഹാരം സമൂഹ നന്മയെ മുൻനിർത്തി അധികാര സ്ഥാപനങ്ങൾ പ്രവർത്തിക്കുമെങ്കിൽ ചോദ്യത്തിൽ ഉന്നയിച്ച പ്രശ്നങ്ങൾ ഉദിക്കുമായിരുന്നില്ല. ഊന്നൽ നൽകുന്നത് പ്രകൃതിയോടും സമൂഹ നന്മയോടും ആയിരുന്നാൽ ഇത്തരം പ്രശ്നങ്ങൾ ഒഴിവാക്കാവുന്നതാണ്.

ഖ) ഞാൻ നേരത്തെ വ്യക്തമാക്കിയതുപോലെ പാർലമെന്റും നിയമസഭകളും കൂടുതൽ അധികാരം ലഭിക്കുന്ന തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും നിഷ്കർഷത പാലിക്കുന്നതാണ് ആവശ്യം. ജനകീയ കമ്മീഷനുകൾ കാര്യനിർവഹണ അധികാരം ഇല്ലാത്തവയാണെങ്കിൽ ഒരു പ്രശ്നവും പരിഹരിക്കപ്പെടുകയില്ല.

ഗ) വാണിജ്യ വ്യവസായ മേഖല ഇന്ന് പരമാവധി ലാഭം നേടുക എന്ന ലക്ഷ്യത്തോടു കൂടിയാണ് പ്രവർത്തിക്കുന്നത്. ഇന്ത്യ സർക്കാർ പ്ലാനിങ്ങ് കമ്മീഷനും ആസൂത്രിത സമ്പദ്ഘടന തത്വത്തിൽ നിന്ന് വ്യതിചലിച്ച കമ്പോള സമ്പദ്ഘടന ഇന്ത്യയിൽ അടിച്ചേൽപ്പിക്കുകയാണ്. വിദേശമൂലധന ശക്തികളും ഇന്ത്യയിലെ കോർപ്പറേറ്റ് വിഭാഗങ്ങളും ആണ് കമ്പോള സമ്പദ്ഘടനയെ നിയന്ത്രിക്കുന്നത്. തീരെ തെറ്റായ ഈ സാമ്പത്തികനയത്തെ ജനകീയ പോരാട്ടത്തിലൂടെ തിരുത്താൻ കഴിഞ്ഞാൽ മാത്രമേ ഒരു ജനകീയ മാർഗ്ഗരേഖയ്ക്ക് പ്രസക്തിയുള്ളൂ.

5) ഇതിനുള്ള ഉത്തരം മുകളിൽ വിവരിച്ച ഖണ്ഡികകളിൽ വ്യക്തമാക്കിയിട്ടുണ്ട്. അധികാരവികേന്ദ്രീകരണത്തെപറ്റി പറയുമ്പോൾ ഒരു കാര്യം പ്രത്യേകം പറയേണ്ടതുണ്ട്. കേരള മുൻസിപ്പൽ ആക്റ്റിലും പഞ്ചായത്ത് ആക്റ്റിലും ജില്ലാ അധികാരഘടകം ഇന്നും പൂർണ്ണമായി വികേന്ദ്രീകരിക്കപ്പെട്ടിട്ടില്ല. ജില്ലാ ഭരണാധികാരി എന്നുള്ള നിലയ്ക്ക് കളക്ടർ തുടരുന്നു. പഞ്ചായത്തുകളെയും മുൻസിപ്പാലിറ്റികളെയും ആസൂത്രിത വികസനത്തിലൂടെ നയിക്കാൻ കഴിയണമെങ്കിൽ പരിപൂർണ്ണ അധികാരത്തോടു കൂടി ജനങ്ങൾ തിരഞ്ഞെടുത്ത ജില്ലാ ഭരണസമിതിയും ആ ഭരണസമിതിയുടെ കീഴിൽ പ്രവർത്തിക്കുന്ന ജില്ലാ കളക്ടർ ആണ് ഉണ്ടാകേണ്ടത്. ഇന്നത്തെ സമ്പ്രദായത്തിൽ പല അധികാരകേന്ദ്രങ്ങളും പല വിധത്തിൽ പ്രവർത്തിക്കുന്നത് കൊണ്ട് സമഗ്രവികസനം നടക്കുന്നില്ല. ഇതാണ് സർവ്വപ്രധാനമായ വികേന്ദ്രീകരണ പ്രശ്നം. അതുപോലെ വൈവിധ്യമാർന്ന ഇന്ത്യൻ രാഷ്ട്രത്തിന് ആസൂത്രണത്തിലൂടെ മുന്നോട്ട് പോകണമെങ്കിൽ കേന്ദ്രത്തിൽ അധിഷ്ഠിതമായ അധികാരം സംസ്ഥാനതലത്തിലേക്കും വികേന്ദ്രീകരിക്കേണ്ടതുണ്ട്. ഇതു സർവ്വപ്രധാനമായ ഒരു പ്രശ്നമാണ്. ഇത്തരം അടിസ്ഥാന പ്രശ്നങ്ങൾ മാറ്റിനിർത്തികൊണ്ട് അധികാര വികേന്ദ്രീകരണം പൂർത്തിയാകില്ല.

തെരഞ്ഞെടുപ്പുകളിൽ ഓരോ രാഷ്ട്രീയ പാർട്ടിയും പാർട്ടികളുടെ കൂട്ടുകെട്ടുകളും മുന്നോട്ട് വെയ്ക്കുന്ന നയപരിപാടികളാണ് പ്രധാനം. അതനുസരിച്ച് പ്രവർത്തിക്കുന്നതാണ് എന്റെ ശൈലി.

